ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇതിലേക്ക് ഒരു ഫണ്ടുണ്ടായിരിക്കണമെന്നും, സ്പെസിഫിക്കായിട്ട് ഒരു പ്ലാൻ വേണമെന്നുമാണ് ഈ വിഭാഗത്തിലുള്ള ഡവലപ്പ്മെൻറിനെ സംബന്ധിച്ചിടത്തോളം ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൻറെ പണി ഈയാണ്ടിൽതന്നെ തുടങ്ങുന്നതാണ്.

ശ്രീ. ഇ. പി. പൗലോസ്: ഈ പദ്ധതി പ്രായോഗികമാണെന്നു തന്നെ ഗവൺമെണ്ടു വിചാരിക്കുന്നുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനെപ്പറ്റി ഒരു അവസാനതീരുമാനം ഗവൺമെണ്ടു ചെയ്തിട്ടില്ലെങ്കിലും മിക്കവാറും പ്രായോഗികമായിരിക്കുമെന്നാണ് ഗവൺമെണ്ടിൻറെ വിശ്വാസം.

ശ്രീ. വി. കെ. ജോസഫ്: പിന്നത്തെ ചോദ്യം ചോദിക്കുന്നില്ല.

ജലസേചനപദ്ധതി

*൩൫൩. (൨൭) ശ്രീ. വി. കെ. ജോസഫ്: താഴെ കൊടുക്കുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചാലക്കുടി നദീജലസേചനപദ്ധതിപ്രകാരമുള്ള പ്രധാനതോട്ടുകളുടെ സർവ്വെ പൂർത്തിയായിക്കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ അതു് എന്നത്തേക്ക് തീരും;

(സി) എത്ര മൈൽ നീളത്തിൽ ഇപ്പോൾ മെയിൻ തോട് പണികഴിഞ്ഞു;

(ഡി) പ്രധാനതോടിൻറെ പണി കഴിഞ്ഞിട്ടുള്ള സ്ഥലത്തു കൈത്തോടുകൾകൂടി ഒപ്പം പണി കഴിക്കുന്നുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) സർവ്വെ പൂർത്തിയായിട്ടുണ്ട്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പത്തു മൈൽ വലത്തെ മെയിൻ കനാലും മൂന്നര മൈൽ ഇടത്തെ കനാലും പണികഴിച്ചു പൂർത്തിയാക്കാറായി.

(ഡി) മുന്നു കൈത്തോടുകൾ മാത്രം ചെയ്യുകഴിഞ്ഞു.

ശ്രീ. വി. കെ. ജോസഫ്: ചാലക്കുടി ജലസേചനപദ്ധതിപ്രകാരമുള്ള തോടുകളുടെ പണി ആരംഭിച്ചുകഴിഞ്ഞുവോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ചാലക്കുടി ഡൈവർഷൻ സംബന്ധിച്ചു ജോലി തുടങ്ങിയിട്ടുണ്ട്.

ശ്രീ. വി. കെ. ജോസഫ്: ഇപ്പോൾ മുന്നുനാലു മാസങ്ങളായി ആ ജോലി ശരിക്കു നടക്കുന്നില്ലെന്നുള്ളതു ഗവൺമെണ്ടിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പെട്ടിട്ടില്ല. ജോലി നടന്നുകൊണ്ടിരിക്കുന്നതായിട്ടാണ് ഗവൺമെണ്ടിൻറെ അറിവ്.

ശ്രീ. വി. കെ. ജോസഫ്: അതിനെപ്പറ്റി അന്വേഷിക്കാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അന്വേഷിക്കാം.

കരിഞ്ചന്ത

*൩൫൪. (൨൮) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കരിഞ്ചന്ത തടയുന്നതിനു ഗവൺമെണ്ടു വല്ല നടപടിയും എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly